# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 376 | 26.04.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നിയമം സംസ്ഥാനത്തിന് ഏതൊക്കെ തരത്തിൽ നേട്ടമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ ജി. എസ്. ടി. നടപ്പാക്കുമ്പോൾ നികുതി നഷ്ടം ഉണ്ടായാൽ തന്നെ 2015-16 ലെ നികുതി വളർച്ച 14% ആയി കണക്കാക്കി ആദ്യ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം നികത്താമെന്ന് അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | പുതിയ സംവിധാനത്തിൽ ഇ-കോമേഴ്സ് വഴി കേരളത്തിലേക്ക് വരുന്ന ഉല്പന്നങ്ങളുടെമേലുള്ള നികുതി സംസ്ഥാനത്തിന് ലഭ്യമാകുമോയെന്ന് അറിയിക്കുമോ; | (ബി) | ജി.എസ്.ടി സംവിധാനത്തിൽ ഇ-കോമേഴ്സ് വഴി കേരളത്തിലേക്ക് വരുന്ന ഉല്പന്നങ്ങളുടെ മേലുള്ള നികുതി സംസ്ഥാനത്തിന് ലഭ്യമാകും. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇ-കോമേഴ്സ് വഴിയുള്ള ഉപഭോഗത്തിൽ |

| | | | |
|---|---|---|---|
| | | | കേരളം മുൻപന്തിയിലായതിനാൽ ഇതുവഴി ലഭിക്കുന്ന നികുതി പിരിവ് കേരളത്തിന് ഗുണകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സേവനമേഖല സുപ്രധാന പങ്ക് വഹിക്കുന്ന സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സേവന നികുതിയുടെ പങ്ക് ലഭ്യമാകുന്നതിന് ചരക്ക്-സേവന നികുതി സംവിധാനത്തിൽ വ്യവസ്ഥയുണ്ടോ ? | (സി) | ജി.എസ്.ടി നടപ്പിലാക്കുന്നതുവഴി സംസ്ഥാന സർക്കാരുകൾക്ക് സേവനങ്ങൾക്കുമേലുള്ള നികുതി പിരിക്കാൻ അവകാശം ലഭിക്കുന്നു. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനമേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതിപിരിവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ